'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - 30-11-2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് - നെൽകൃഷി ജലസേചനത്തിന് പെട്ടിയും പറയും നൽകുന്നതിന് പകരം പമ്പ് സെറ്റ് വാങ്ങി നൽകുന്ന പ്രോജക്ടിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.6/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 01/01/2019

---

പരാമർശം:- 1 പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.10.2018-ലെ കത്തും കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 11.10.2018-ലെ A 2-648/18 നമ്പർ കത്തും

2 30.11.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.7-ാം നമ്പർ തീരുമാനം

**ഉത്തരവ്**

കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ പ്രോജക്ട് നം.84/19 ആയി ഉൾപ്പെടുത്തിയ നെൽകൃഷി ജലസേചനത്തിന് പെട്ടിയും പറയും നൽകുന്ന പദ്ധതിയ്ക്ക് പകരം ഊർജ്ജക്ഷമതയുള്ള പമ്പ് സെറ്റ് വാങ്ങി നൽകാൻ അനുമതി ആവശ്യപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി മുൻപാകെ അപേക്ഷ സമർപ്പിച്ചിരുന്നു. കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.09.2018-ൽ ചേർന്ന യോഗം ഇക്കാര്യം പരിഗണിച്ചെങ്കിലും പദ്ധതി സംബന്ധിച്ച് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ റിപ്പോർട്ട് കൂടി ലഭ്യമാക്കി പിന്നീട് തീരുമാനമെടുക്കാനായി മാറ്റി വച്ചിരുന്നു. പെട്ടി-പറ സംവിധാനത്തിന് പകരം ഹൈ എഫിഷ്യൻസി പമ്പ് സെറ്റാണ് നല്ലതെന്ന് കൃഷി അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 30.11.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം വീണ്ടും പരിഗണിക്കുകയും ഹൈ എഫിഷ്യൻസി പമ്പ് സെറ്റ് ആയിരിക്കണം നൽകേണ്ടതെന്ന നിബന്ധനയോടെ പദ്ധതിക്ക് അനുമതി നൽകാൻ പരാമർശം(2) പ്രകാരം തീരുമാനിക്കുകയും ചെയ്തു.

2. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. 30.11.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം(2) തീരുമാനത്തിൻറെ അടിസ്ഥാനത്തിൽ കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നെൽകൃഷി ജലസേചനത്തിന് പെട്ടിയും പറയും നൽകുന്ന പദ്ധതിയ്ക്ക് പകരം പകരം പമ്പ് സെറ്റ് വാങ്ങി നൽകുന്ന പദ്ധതിക്ക്, **ഹൈ എഫിഷ്യൻസി പമ്പ് സെറ്റ് ആയിരിക്കണം നൽകേണ്ടതെന്ന നിബന്ധനയോടെ**, അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോൾ ഡി**

**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ്

പ്രസിഡണ്ട്/സെക്രട്ടറി, കോയിപ്രം ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട

ജില്ലാ പ്ലാനിംഗ് ഓഫീസർ, പത്തനംതിട്ട

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2019.01.04 11:30:44 IST
Reason: Approved
സെക്ഷൻ ഓഫീസർ